ശ്രീ. ആർ. ശങ്കർ: സാങ്കേതികമായ നടപടികളും പൂർത്തിയായിട്ടില്ലാത്തതുകൊണ്ട് താമസം വന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇതിൽ ഗവണ്മെന്റ് സ്കൂളുകളും വല്ലതും ഉണ്ടോയെന്നുപറയാമോ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെന്റ് സ്കൂളുകളുമുണ്ട്. അതിന്റെ വിശദവിവരം കൈവശമില്ല.

ശ്രീ. പി. സി. രാഘവൻ നായർ: കോഴിക്കോട്ട ജില്ലയിൽ മേപ്പയ്യൂർ സ്കൂളിനു സ്ഥലം പൊന്നും വിലയ്ക്കു എടുത്തിട്ട് അതു കളിസ്ഥലമായി മാറ്റിയിട്ടില്ല. അതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. ആർ. ശങ്കർ: അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യർ: സാധാരണ സ്ഥലം പൊന്നുംവിലയ്ക്കെടുത്താൽ പണം കൊടുക്കുന്നതിനു എത്രകാലം വേണ്ടിവരും?

ശ്രീ. ആർ. ശങ്കർ: ടൈറ്റിൽസംബന്ധിച്ചു തക്കം ഉണ്ടായാൽ വിചാരിച്ചിരിക്കാത്ത താമസം വരും.

ശ്രീ. സി. അച്യുതമേനോൻ: കളിസ്ഥലങ്ങൾക്കു എത്ര സ്ഥലം വേണമെന്നു നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: മൊത്തം 3 ഏക്കർ സ്ഥലം ഒരു ഹൈസ്കൂളിനു വേണമെന്നു വ്യവസ്ഥയുണ്ട്. അതു കളിസ്ഥലം ഉൾപ്പെടെയാണ്.

ഭവനനിർമ്മാണ പദ്ധതികൾക്കു നീക്കിവച്ചിരുന്ന സംഖ്യ

* 980. [19] ശ്രീ. പി. കെ. നാരായണൻനമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64-ൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾക്കു നീക്കിവച്ചിരുന്ന സംഖ്യ എത്രയാണ് ;

(ബി) അതിൽ ഓരോ ഇനത്തിലും എത്ര ചെലവായി;

(സി) കോഴിക്കോട്ടജില്ലയിൽ സെറ്റിൽമെന്റുസ്കീം അനുസരിച്ചു പേരാംപ്രയിൽ സാംബവർക്കു വേണ്ടി തുടങ്ങിയ ഭവന നിർമ്മാണം ഏതു നിലയിൽ ഇരിക്കുന്നു ;

(ഡി) എത്ര യുക ചെലവായി ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ, ബി) വിശദവിവരങ്ങൾ അടങ്ങിയ † സ്റ്റേറ്റുമെന്റു് മേശപ്പുറത്തു് വച്ചിരിക്കുന്നു.

(സി) 25 വീടുകൾ അനുവദിച്ചതിൽ ഒരെണ്ണത്തിന്റെ പണി പൂർത്തിയായി. ബാക്കിയുള്ളതിൽ 10 എണ്ണം റൂഫ് ലെവൽവരെയും, 14എണ്ണം ബേസ്മെന്റു് ലെവൽവരെയും എത്തിയിട്ടുണ്ട്.

(ഡി) 13,270 രൂപ 80 നയാപൈസ ചെലവായി.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: എപ്പോഴാണ് ഇതിന്റെ പണി തുടങ്ങിയതു്? റൂഫ് ഇല്ലെങ്കിൽ മഴക്കാലത്തു് ചുവർ ഇടിഞ്ഞു പോകും. അതുകൊണ്ട് കഴിയുന്നതും വേഗം പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: പേരാംപ്രയിലെ ഈ കോളനി അനുവദിക്കപ്പെട്ടതു് 1958-ലാണു്. 625 രൂപ മാത്രമാണു് ഒരു ഭവനത്തിനു് അനുവദിച്ചിരുന്നതു്. ഈ സംഖ്യകൊണ്ടു വീട് പൂർത്തിയാക്കാൻ സാധിക്കുകയില്ലന്നു പിന്നീടു് കള ക്ടറുടെ റിപ്പോർട്ടു വന്നു. അതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡു് എസ്റ്റിമേറ്റു് തയ്യാറാക്കിയതു് അനുവദിച്ചു കൊടുത്തിട്ടുണ്ടു്. പക്ഷേ സാധന സാമഗ്രികളും കൊണ്ടുപോകുന്നതിനു് റോഡിന്റെ അഭാവംകൊണ്ടു് താമസം വന്നു. അതു പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. ഓ. കോരൻ: സഹകാരിസംഘത്തിന്റെ ഭവനനിർമ്മാണത്തിനുള്ള സംഖ്യ ഉപയോഗപ്പെടുത്തുന്നതിനു് കാലതാമസം വരുത്താതെ നടപടിയെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു : സഹകാരിസംഘം 50 ശതമാനം സ്വന്തമായി ചെലവുചെയ്യണമെന്ന വ്യവസ്ഥയുണ്ടു്. എന്നാൽ മാത്രമെ, സെൻട്രൽഗവ ണ്മെന്റു് ആ സംഖ്യ ചെലവു ചെയ്യുകയുള്ളു, അങ്ങിനെയൊരു വിഷമമുണ്ടു്. ഈ കാര്യം പല മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളുമായി ആലോചിച്ചു് വേണ്ടതു ചെയ്യുവാൻ നടപടിയെടുത്തിട്ടുണ്ടു്.

അകപ്പെയർ ചെയ്യുന്ന സ്ഥലത്തിന്റെ കാമ്പൻസേഷൻ

*981. [20] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെവി ഇലക്ട്രിക്കൽസ് ആൻഡ് ട്രാൻസ്ഫാമേഴ്സിനു വേണ്ടി അങ്കമാലിയിൽ അകപ്പെയർ ചെയ്യുന്നതിനു് നോട്ടിഫൈ ചെയ്തിരിക്കുന്ന എകദേശം 200 ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥന്മാർക്കു് കാമ്പൻസേഷൻ ഇതേവരെ കൊടുക്കാത്തതിന്റെ കാരണമെന്താണു്:

(ബി) വസ്തു ഉടമസ്ഥന്മാർക്കു് വില കൊടുക്കുന്നതിനു് ഇനിയെങ്കിലും സത്വരനടപടികളും എടുക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) അങ്കമാലി ഹെവി ട്രാൻസ്ഫാമേഴ്സിനു് വേണ്ടി പൊന്നും വിലയ്ക്കെടുക്കാൻ നോട്ടിഫൈ ചെയ്തിരുന്ന 238 ഏക്കർ 47 സെൻറിൽ, 61 ഏക്കർ 91 സെൻറിന്റെ നടപടി പൂർത്തിയാക്കി പണം കൊടുത്തിട്ടുണ്ടു്. ബാക്കി സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കയാണു് നടപടികളും ഏറെത്താമസിയാതെ പൂർത്തിയാകും.

(ബി) നടപടികളും എടുത്തു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. എം. എ. ആൻറണി : അടുത്ത സാമ്പത്തികവർഷമെങ്കിലും പണം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അതാണു ഗവണ്മെൻറിന്റെ ഉദ്ദേശം.

തടഞ്ഞുവച്ച പരീക്ഷാഫലം.

*982. [21] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. പബ്ലിക്കു് പരീക്ഷയ്ക്കു് എഴുതിയ കുട്ടികളുടെ റിസൾട്ടു് തടഞ്ഞുവച്ചതിൽ അതിന്റെ കാരണം അറിയിക്കുന്ന പതിവുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to Starred Question No.* 980 (19)]

S. No.	*Name of Scheme*	*Provision for* 1963-64 Rs.	*Amount spent upto* 31-1-1964. Rs.
1.	Slum Clearance Scheme	5 lakhs	1,74,350
2.	House construction advances to Government Servants. (State Service Officers)	9 lakhs	9,07,319
3.	House construction Scheme for Plantation Labourers.	1 lakh	Nil
4.	Rental Housing Scheme.	8,14,000	4,29,546
5.	Co-operation Housing Scheme.	3 lakhs	2,61,075
6.	Settlement Scheme.	4 lakhs	2,76,073
7.	Poor Housing Scheme.	69,300	69,621
8.	Low Income Group Housing Scheme.	18 lakhs	12,29,177
9.	Housing Scheme for Employees of Local Bodies.	50,000	3,880
10.	Land Acquisition and Development Schemes.	11,73,600	5,65,864
11.	Subsidised Industrial Housing Scheme.	1,83,000	7,000
12.	Village Housing Project Scheme.	11 lakhs	3,85,860
13.	Middle Income Group Housing Scheme.	10 lakhs.	4,37,570

LIBRARY ARCHIVES Kerala Legislative Assembly